(ബി) പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുന്നതിന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തിട്ടുണ്ട്.

1. HT : LT അനുപാതം മെച്ചപ്പെടുത്തുക.
2. സബ് സ്റ്റേഷനുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുക.
3. കപ്പാസിറ്ററുകൾ സ്ഥാപിക്കുക.
4. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.
5. ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾക്കു പകരം ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.
6. എനർജി ഓഡിറ്റിംഗ് നടപ്പാക്കുക.
7. വൈദ്യുതി മോഷണം തടയുക.

(സി) തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കി വരുന്നു.

(ഡി) 2001-2002 വർഷത്തെ കണക്കുകൾ പ്രകാരം ആ വർഷത്തെ T & D-ലോസ് 32.2 ശതമാനം ആണ്. 2005-2006 വർഷത്തെ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്ന T & D-ലോസ് 23.96 ശതമാനം ആണ്.

(ഇ) 2005-2006-ഓടെ T & D-ലോസ് 23.96 ശതമാനം ആയി കുറക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

റേഷൻ കടകളിലെ പഞ്ചസാര വിതരണം

*20 [580] ശ്രീ. കെ. വി. കുഞ്ഞിരാമൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് റേഷൻ പഞ്ചസാര മാസങ്ങളായി വിതരണം ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻ കടകളിൽക്കൂടി വിതരണം ചെയ്യേണ്ട പഞ്ചസാര കൂടിയ വിലയ്ക്ക് മാവേലി സ്റ്റോറുകൾ വഴി വില്പന നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) രണ്ടു ജില്ലകളിൽ മാസങ്ങളായി റേഷൻ പഞ്ചസാര വിതരണം നടക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉദിക്കുന്നില്ല.

നാളികേര ടെക്നോളജി മിഷനിലെ പദ്ധതികൾ

*21 [581] ശ്രീ. വി. കെ. സി. മമ്മത്കോയ:
" ടി. കെ. ബാലൻ.
" എ. കെ. ബാലൻ:
" ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര ടെക്നോളജി മിഷനിൽ നാളിതുവരെ ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ മൊത്തം അടങ്കൽതുക എത്രയാണ്;

(സി) ടെക്നോളജി മിഷൻ അംഗീകരിച്ച പദ്ധതികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതികൾക്കായി എന്ത് തുക അനുവദിച്ചിട്ടുണ്ട്; ഇതിൽ എന്ത് തുക വിതരണം ചെയ്തു; ചെലവഴിച്ച തുക എത്ര വീതമെന്ന് പറയാമോ;

(ഇ) കാറ്റുവീഴ്ച, മണ്ഡരിരോഗം എന്നിവ ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം വച്ചുപിടിപ്പിക്കുന്നതിന് ടെക്നോളജി മിഷൻ എത്ര കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; ഈ പദ്ധതിയനുസരിച്ച് എന്ത് തുക ഇതിനകം ചെലവഴിച്ചു?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) നാളികേര ടെക്നോളജി മിഷനിൽ സംസ്ഥാനത്ത് നാളിതുവരെ 40 പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. പദ്ധതികളുടെ വിശദ വിവരങ്ങൾ പട്ടിക 1-ൽ നൽകിയിട്ടുണ്ട്. †

(ബി) പദ്ധതികളുടെ മൊത്തം അടങ്കൽതുക 5696 ലക്ഷം രൂപയാണ്.

(സി) പദ്ധതികളുടെ വിശദവിവരങ്ങൾ പട്ടിക 1-ൽ നൽകിയിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly